# കേരളസർവകലാശാല

നം.പി.ആർ.82/2022

## പത്രക്കുറിപ്പ്

### ഐ.എം.കെ. – എം.ബി.എ. അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാലയ്ക്ക് കീഴിൽ കാര്യവട്ടം ക്യാമ്പസിൽ പ്രവർത്തിക്കുന്നതും, സർക്കാർ തലത്തിലെ ഏറ്റവും മികച്ച ബിസിനസ് സ്കൂളുകളിൽ ഒന്നുമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ (ഐ.എം.കെ.), സി.എസ്.എസ്. സ്ട്രീമിൽ, എം.ബി.എ. (ജനറൽ), എം.ബി.എ. (ടൂറിസം) കോഴ്സുകളിലേക്ക് (2022–24 ബാച്ച്) പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു.

അപേക്ഷാർത്ഥിക്ക് 2022 ൽ കരസ്ഥമാക്കിയ സാധുവായ KMAT/CAT/CMAT സ്കോർ കാർഡ് ഉണ്ടായിരിക്കേണ്ടതാണ്. www.admissions.keralauniversity.ac.in എന്ന സർവകലാശാല പോർട്ടൽ വഴി 2022 മെയ് 20 ന് രാത്രി 10.00 മണി വരെ ആദ്യഘട്ട അപേക്ഷകൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത തീയതിക്ക് മുൻപായി അപേക്ഷ സമർപ്പിക്കുന്ന മുഴുവൻ അപേക്ഷാർത്ഥികളേയും മെയ് 24, 25 എന്നീ തീയതികളിൽ നിശ്ചയിച്ചിരിക്കുന്ന ഗ്രൂപ്പ് ഡിസ്കഷൻ, പേഴ്സണൽ ഇന്റർവ്യൂ എന്നിവയ്ക്കായി ക്ഷണിക്കുന്നതും, പ്രവേശന പരീക്ഷ (80%), ഗ്രൂപ്പ് ഡിസ്കഷൻ (10%), പേഴ്സണൽ ഇന്റർവ്യൂ (10%) എന്നിവയുടെ അടിസ്ഥാനത്തിൽ റാങ്ക്ലിസ്റ്റ് തയ്യാറാക്കി മെയ് 27 ന് പ്രസിദ്ധീകരിക്കുന്നതുമാണ്. തുടർന്ന് ജൂൺ 2 ന് ഐ.എം.കെ.യുടെ കാര്യവട്ടം ക്യാമ്പസിൽ വച്ച് കൗൺസിലിംഗ് നടത്തുന്നതും അതിൻപ്രകാരം ക്ലാസുകൾ ആരംഭിക്കുന്നതു മാണ്. സായാഹ്ന എം.ബി.എ. (റെഗുലർ–സി.എസ്.എസ്.) കോഴ്സിന്റെ 2022– 24 ബാച്ചിലേക്കുള്ള പ്രവേശനത്തിനായി ജൂലൈ 30, രാത്രി 10.00 മണി വരെ ഓൺലൈൻ അപേക്ഷ സമർപ്പിക്കാവുന്ന താണ്.

രജിസ്ട്രേഷൻ ഫീസ് ജനറൽ വിഭാഗത്തിന് 600 രൂപയും, എസ്.സി./എസ്.ടി. വിഭാഗത്തിന് 300 രൂപയുമാണ്. പ്രോസ്പെക്ടസ്, അപേക്ഷാഫോം എന്നിവയുടെ വിശദാംശങ്ങൾക്കായി സർവകലാശാല പോർട്ടൽ സന്ദർശിക്കുക.

### പരീക്ഷാഫലം

കേരളസർവകലാശാല 2022 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ./എം. എസ്സി./എം.കോം./എം.എസ്.ഡബ്ല്യൂ., ആഗസ്റ്റ് 2021 സ്പെഷ്യൽ പരീക്ഷയുടെ എം.എ.ഇംഗ്ലീഷ്, ഇക്കണോമിക്സ്, എം.എസ്സി. സൈക്കോളജി, മൈക്രോബയോളജി എന്നീ കോഴ്സുകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് മെയ് 2 വരെ അപേക്ഷിക്കാം. വിശദവിവര ങ്ങൾ വെബ്സൈറ്റിൽ.

### പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല 2022 ഏപ്രിൽ 28 ന് നടത്താനിരുന്ന പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ./ബി.കോം./ബി.ബി.എ. എൽ.എൽ.ബി. പരീക്ഷകളുടെ പേപ്പർ I – 'ട്രേഡ് ഇൻ ഇൻഡലക്ച്വൽ പ്രോപ്പർട്ടി' പരീക്ഷ ഏപ്രിൽ 30 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. മറ്റ് പരീ ക്ഷകൾക്ക് മാറ്റമില്ല.

## സമ്പർക്ക ക്ലാസ്

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസവിഭാഗത്തിന്റെ ഒന്നാം സെമസ്റ്റർ പി.ജി. (2021 അഡ്മിഷൻ) സമ്പർക്ക ക്ലാസുകൾ ഏപ്രിൽ 23 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് www.ideku.net എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് – അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല തുടർവിദ്യാഭ്യാസവകുപ്പ് ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ നടത്തുന്ന തൊഴിലധിഷ്ഠിത കോഴ്സായ 'സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്' കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. കോഴ്സ് കാലാവധി: 6 മാസം, യോഗ്യത: പ്ലസ്ടു, ക്ലാസുകൾ: ശനി, ഞായർ ദിവസങ്ങളിൽ. കോഴ്സിന് ചേരാൻ ആഗ്രഹിക്കുന്നവർ ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിലെ സി.എ.സി.ഇ.ഇ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. വിശദവിവരങ്ങൾക്ക്: 8129418236, 9495476495

കേരളസർവകലാശാല തുടർവിദ്യാഭ്യാസവകുപ്പ് ഗവ.കെ.എൻ.എം.ആർട്സ് ആന്റ് സയൻസ് കോളേജിൽ ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (സി.എൽ.ഐ.എസ്സി.) കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപ്പര്യമുള്ളവർ ഏപ്രിൽ 29 ന് രാവിലെ 10.30 ന് എസ്.എസ്.എൽ.സി., പ്ലസ്ടു സർട്ടിഫിക്കറ്റുകളുമായി കോളേജിൽ നേരിട്ട് ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക്: 9656500596, 9495746946

## വാക്-ഇൻ-ഇന്റർവ്യൂ റദ്ദാക്കി

കേരളസർവകലാശാലയ്ക്ക് കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ജിയോ-സ്പേഷ്യൽ ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജിയിലും ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാച്ചുറൽ റിസോഴ്സസ് മാനേജ്മെന്റിലും താൽക്കാലികാടിസ്ഥാനത്തിൽ ചില പ്രോജക്ടുകളിലെ ഒഴിവുകളിലേക്ക് 2022 ഏപ്രിൽ 26 ന് നടത്താനിരുന്ന വാക്-ഇൻ-ഇന്റർവ്യൂ റദ്ദാക്കിയിരിക്കുന്നു.

തിരുവനന്തപുരം,
22.04.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**